# വെളിച്ചെണ്ണ വില ഉയർന്നു

## ● വെളിച്ചെണ്ണയും കൊപ്രയും വാങ്ങാൻ പ്രമുഖ കമ്പനികൾ രംഗത്ത്

**സ്വന്തം ലേഖകൻ**

കൊച്ചി ● വെളിച്ചെണ്ണ വില വീണ്ടും കൂടി ക്വിന്റലിന് 7000 രൂപയിലേക്ക് നീങ്ങുന്നു. കഴിഞ്ഞ ദിവസങ്ങളിൽ പ്രതിദിനം 100 രൂപ വീതം കൂടി, ഇന്നലെ ടെർമിനൽ വിപണിയിൽ 6850 രൂപയിലെത്തി. ചില്ലറ വില കിലോഗ്രാമിന് 70 രൂപയ്ക്കു മുകളിലാണ്.

പ്രമുഖ വിപണന കേന്ദ്രമായ തൃശൂരിൽ 6700 രൂപയുമായി. കൊപ്രവിലയും ഇതോടൊപ്പം കൂടി 4725 രൂപയിലെത്തി. കൊപ്രാ സംസ്കരണം മഴ ശക്തമായതിനെ തുടർന്ന് തടസ്സപ്പെടുന്നുവെങ്കിലും വിപണിയിലേക്ക് വരവുണ്ടെന്ന് വ്യാപാരികൾ പറഞ്ഞു. ഇതിനിടയ്ക്ക്, താങ്ങുവിലയ്ക്ക് കൊപ്രാ സംഭരണം അടുത്ത തിങ്കളാഴ്ച ആരംഭിക്കുമെന്ന് സംസ്ഥാന സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്.

തമിഴ്നാട്, ആന്ധ്രപ്രദേശ്, കർണാടക എന്നിവിടങ്ങളിൽ നാളികേരത്തിന്റെ വിളവെടുപ്പ് സീസൺ ആരംഭിച്ച സാഹചര്യത്തിലും വെളിച്ചെണ്ണ വില ഉയരുന്നുവെന്നതും ശ്രദ്ധേയം. ഉത്തരേന്ത്യൻ ആവശ്യം മുഖ്യമായും നിറവേറ്റുന്നത് ഈ സംസ്ഥാനങ്ങളാണ്.

കേരള വിപണിയിൽ നിന്ന് പ്രമുഖ കമ്പനികൾ, വെളിച്ചെണ്ണയും കൊപ്രയും ധാരാളമായി വാങ്ങി ശേഖരിക്കാൻ താൽപര്യം കാണിക്കുന്നുണ്ട്. രൂപയുടെ വിലയിടിവ് ഭക്ഷ്യ എണ്ണകളുടെ ഇറക്കുമതി ചെലവ് വർധിപ്പിച്ചു. പാമോയിലിന് കിലോഗ്രാമിന് 56 രൂപയ്ക്കടുത്തുണ്ട്. കടലയെണ്ണ, സോയാബീൻ എണ്ണ തുടങ്ങിയവയ്ക്കും ഉയർന്ന വിലയാണ്.

**പച്ചത്തേങ്ങ സംഭരണം**

# 25,000

**കൃഷിഭവനുകൾ വഴി 25,000 ടൺ പച്ചത്തേങ്ങ കേരഫെഡ് ഇതിനകം സംഭരിച്ചു**

ക്വിന്റലിന് 5225 രൂപ എന്ന താങ്ങുവിലയ്ക്കാണ് നാഫെഡ് കൊപ്ര സംഭരിക്കുന്നത്. സംസ്ഥാനത്ത് കേരഫെഡും മാർക്കറ്റ്ഫെഡും നോഡൽ ഏജൻസികളായി പ്രവർത്തിക്കുന്നു.

ജില്ലാതലത്തിലുള്ള മോണിറ്ററിങ് കമ്മിറ്റി തിരഞ്ഞെടുത്ത സഹകരണ സംഘങ്ങൾ, നാളികേര ഉൽപാദക സംഘങ്ങൾ തുടങ്ങിയ ഏജൻസികൾ മുഖേനയാണ് സംഭരണം.

ഈ വർഷം പെർമിറ്റിനു പകരം ഫോട്ടോ പതിച്ച കാർഡ് കൃഷിക്കാർക്ക് നൽകുമെന്നും ക്രോസ് ചെയ്ത ചെക്ക് വഴി പണം കൊടുക്കാനാണ് തീരുമാനമെന്നും കൃഷി മന്ത്രി കെ. പി. മോഹനൻ വ്യക്തമാക്കി.

കൃഷിഭവനുകൾ വഴി 25,000 ടൺ പച്ചത്തേങ്ങ കേരഫെഡ് ഇതിനകം സംഭരിച്ചിട്ടുണ്ടെന്ന് അദ്ദേഹം പറഞ്ഞു. പച്ചത്തേങ്ങ കിലോഗ്രാമിന് 14 രൂപ വച്ചാണ് സംഭരിക്കുന്നത്.

അതേസമയം നീരയുടെ ഉൽപാദനം, പൊതുവിതരണ സമ്പ്രദായം വഴി സബ്സിഡി നിരക്കിൽ വെളിച്ചെണ്ണ വിതരണം എന്നിവയെക്കുറിച്ച് ഇനിയും വ്യക്തമായ തീരുമാനായിട്ടില്ല.

ആദായകരമായ വില സ്ഥിരമായി ലഭിക്കുമെന്ന് ഉറപ്പു വരുത്തുന്ന നീരയുടെ ഉൽപാദനം, വൈകുന്നത് കൃഷിക്കാരെ അസ്വസ്ഥരാക്കുന്നു.